# ഭരണശക്തിയിലൂടെയും നിയന്ത്രണശക്തിയിലൂടെയും സ്വരാജ്യത്തിന്റെ പ്രാപ്തി

ഇന്ന് കുട്ടികളുടെ സ്നേഹിയായ ബാപ്ദാദ ഓരോരോ കുട്ടികളെയും വിശേഷിച്ച് രണ്ടു കാര്യങ്ങളിൽ പരിശോധിക്കുകയായിരുന്നു. സ്നേഹത്തിന്റെ പ്രത്യക്ഷ സ്വരൂപമായി കുട്ടികൾക്ക് സമ്പന്നവും സമ്പൂർണവുമാകണം. ഓരോരുത്തരിലും ഭരണശക്തിയും നിയന്ത്രണശക്തിയും ഏതു വരെ വന്നിട്ടുണ്ട്-ഇന്ന് ഇതു നോക്കുകയായിരുന്നു. ശരീരത്തിന്റെ സ്ഥൂല കർമേന്ദ്രിയങ്ങൾ ആത്മാവിന്റെ നിയന്ത്രണത്തിലുള്ളതു പോലെ, എപ്പോൾ ആഗ്രഹിക്കുന്നുവോ എങ്ങനെ ആഗ്രഹിക്കുന്നുവോ എവിടെ ആഗ്രഹിക്കുന്നുവോ അങ്ങനെ നടത്തിക്കാനാവും, നടത്തിക്കൊണ്ടിരിക്കുന്നു. നിയന്ത്രണശക്തിയുമുണ്ട്. കൈ-കാലുകൾ സ്ഥൂല ശക്തികളാണെന്നതു പോലെ മനസ്, ബുദ്ധി, സംസ്കാരം ആത്മാവിന്റെ സൂക്ഷ്മശക്തികളാണ്. സൂക്ഷ്മ ശക്തികൾക്കു മേൽ നിയന്ത്രണം കൊണ്ടുവരാനുള്ള ശക്തി അതായത് മനസ്, ബുദ്ധി, സംസ്കാരത്തെ എപ്പോൾ ആഗ്രഹിക്കുന്നുവോ എങ്ങനെ ആഗ്രഹിക്കുന്നുവോ എത്ര സമയം ആഗ്രഹിക്കുന്നുവോ-ഇങ്ങനെയുള്ള നിയന്ത്രണശക്തിയും ഭരണശക്തിയും വന്നുവോ? എന്തുകൊണ്ടെന്നാൽ ഈ ബ്രാഹ്മണജീവിതത്തിൽ മാസ്റ്റർ സർവശക്തിവാനാകുകയാണ്. ഈ സമയത്തെ പ്രാപ്തി മുഴുവൻ കൽപത്തിലും രാജ്യരൂപത്തിലും പൂജാരീരൂപത്തിലും നടക്കുന്നു. അര കൽപം എത്ര തന്നെ വിശ്വത്തിന്റെ രാജ്യസത്ത പ്രാപ്തമാക്കുന്നുവോ അതനുസരിച്ചു തന്നെ എത്ര ശക്തിശാലിയായ രാജ്യപദവിയും പൂജ്യപദവിയും ലഭിക്കുന്നുവോ ഭക്തിമാർഗത്തിലും അത്ര തന്നെ ശ്രേഷ്ഠപൂജാരിയായി മാറുന്നു. ഭക്തിയിലും ശ്രേഷ്ഠാത്മാവിന്റെ മനസ്, ബുദ്ധി, സംസ്കാരങ്ങൾക്കു മേൽ നിയന്ത്രണശക്തി ഉണ്ടായിരിക്കും. ഭക്തരിലും യഥാക്രമം ശക്തിശാലി ഭക്തരാകുന്നു. അതായത് ഏത് ഇഷ്ടദേവതയുടെ ഭക്തി ചെയ്യണമോ എത്ര സമയം ചെയ്യണമോ, ഏതു വിധിയിൽ ചെയ്യണമോ- ഇങ്ങനെ ഭക്തിയുടെ ഫലം ഭക്തിയുടെ വിധിയനുസരിച്ച് സന്തുഷ്ടതയും ഏകാഗ്രതയും ശക്തിയും സന്തോഷവും പ്രാപ്തമാക്കുന്നു. എന്നാൽ രാജ്യപദവിയുടെയും ഭക്തിയുടെ ശക്തിയുടെയും പ്രാപ്തിയുടെ ആധാരം ഈ ബ്രാഹ്മണജന്മമാണ്. അപ്പോൾ ഈ സംഗമയുഗത്തിന്റെ ചെറിയൊരു ജന്മം മുഴുവൻ കൽപത്തിന്റെയും സർവജന്മങ്ങളുടെയും ആധാരമാണ്. രാജ്യം ഭരിക്കുന്നതിൽ വിശേഷപ്പെട്ടവരാകുന്നതു പോലെ വിശേഷഭക്തരും ആകുന്നു, സാധാരണമല്ല. ഭക്തമാലയിലുള്ള ഭക്തർ വേറെ എന്നാൽ താങ്കൾ സ്വയം തന്നെ പൂജ്യർ സ്വയം തന്നെ പൂജാരികളായ ആത്മാക്കളുടെ ഭക്തിയും വിശേഷമാണ്. അപ്പോൾ ഇന്ന് ബാപ്ദാദ കുട്ടികളുടെ ഈ മൂല ആധാരമായ ജന്മത്തെ കാണുകയായിരുന്നു. ആദി മുതൽ ഇപ്പോൾ വരെ ബ്രാഹ്മണജീവിതത്തിൽ ഭരണശക്തിയും നിയന്ത്രണശക്തിയും സദാ എത്ര ശതമാനത്തിലുണ്ട്? ഇതിലും ആദ്യം തന്റെ തന്നെ സൂക്ഷ്മശക്തികളെ പരിശോധിക്കൂ. ഫലത്തിൽ എന്തു കാണപ്പെടുന്നുണ്ട്? ഈ വിശേഷപ്പെട്ട മൂന്നു ശക്തികൾ മനസിനും ബുദ്ധിക്കും സംസ്കാരത്തിനും മേൽ നിയന്ത്രണമുണ്ടെങ്കിൽ ഇതിനെ തന്നെയാണ് സ്വരാജ്യഅധികാരി എന്നു പറയുന്നത്. അപ്പോൾ ഈ സൂക്ഷ്മശക്തികൾക്കു തന്നെയാണ് സ്ഥൂലകർമേന്ദ്രിയങ്ങളെ നിയന്ത്രണത്തിലും നിയമത്തിലും നടത്താൻ കഴിയുന്നത്. ഫലം എന്തു കണ്ടു? എപ്പോൾ ,എവിടെ, എങ്ങനെ -ഈ മൂന്നു കാര്യങ്ങളിലും ഇപ്പോൾ യഥാശക്തിയാണ്. സർവശക്തിയില്ല എന്നാൽ യഥാശക്തി. അതിനെ ഡബിൾ വിദേശി തന്റെ ഭാഷയിൽ സാധാരണമായ വാക്ക് ഉപയോഗിക്കുന്നു. അപ്പോൾ ഇതിനെ ഓൾമൈറ്റി അതോറിറ്റി(സർവ്വശക്തൻ) എന്നു പറയുമോ? ശക്തനാണ് എന്നാൽ സർവ്വശക്തനാണോ? വാസ്തവത്തിൽ ഇതിനെത്തന്നെയാണ് ബ്രാഹ്മണജീവിതത്തിന്റെ അടിത്തറ എന്നു പറയുന്നത്. ആർക്ക് എത്രത്തോളം സ്വയത്തിനു മേൽ രാജ്യമുണ്ട് അതായത് സ്വയം മുന്നേറാനും മറ്റുള്ളവരെ മുന്നോട്ട് കൊണ്ടു പോകാനും അറിയുന്നത് അവർ തന്നെ മുന്നിലെ നമ്പർ നേടുന്നു. ഈ അടിത്തറയിൽ യഥാശക്തിയാണെങ്കിൽ നമ്പർ പിറകിലായിപ്പോകുന്നു. ആർക്ക് സ്വയം മുന്നേറുവാൻ അറിയുന്നുവോ അവർക്കു സഹജമായും മറ്റുള്ളവരെ മുന്നോട്ട് കൊണ്ടു പോകാനും സാധിക്കുന്നു അതായത് നേതൃത്വ ശക്തി കൈവരുന്നു. കേവലം മറ്റുള്ളവരെ കൈകാര്യം ചെയ്യുന്നതിന് നേതൃശക്തി ആവശ്യമില്ല. ആർക്ക് തന്റെ സൂക്ഷ്മശക്തികളെ കൈകാര്യം ചെയ്യാൻ സാധിക്കുന്നുവോ അവർക്ക് മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ സാധിക്കും. അപ്പോൾ സ്വയത്തിനു മേലുള്ള നിയന്ത്രണശക്തിയും ഭരണശക്തിയും സർവരെയും യഥാർത്ഥമായി കൈകാര്യം ചെയ്യാനുള്ള ശക്തിയായി മാറുന്നു. അജ്ഞാനി ആത്മാക്കളെ സേവനത്തിലൂടെ കൈകാര്യം ചെയ്യുന്നതാകട്ടെ, ബ്രാഹ്മണപരിവാരത്തിൽ സ്നേഹസമ്പന്ന, സന്തുഷ്ടതാസമ്പന്ന പെരുമാറ്റത്തിലാകട്ടെ-രണ്ടിലും സഫലമാകും. എന്തെന്നാൽ പല കുട്ടികളും ഇങ്ങനെയാണ് ബാബയെ അറിയുക, ബാബയുടേതാകുക, ബാബയോട് പ്രീതിയുടെ രീതി നിറവേറ്റുക ഇതു വളരെ സഹജമായി അനുഭവം ചെയ്യുന്നു എന്നാൽ

എല്ലാ ബ്രാഹ്മണാത്മാക്കളുമായും ഒരുമിച്ച് ചേർന്നു പോകുക ഇതിൽ ബുദ്ധിമുട്ടു പറയുന്നു. ഇതിന്റെ കാരണമെന്താണ്? ബാബയുമായി പ്രീതി നിറവേറ്റുന്നത് മാത്രം സഹജമായി എന്തുകൊണ്ട് തോന്നുന്നു? എന്തുകൊണ്ടെന്നാൽ ബാബയോട് ഹൃദയത്തിന്റെ മുറിയാത്ത സ്നേഹമുണ്ട്. സ്നേഹിക്കുന്നവരുമായി ബന്ധം നിറവേറ്റുന്നത് സഹജമാണ്. ആരോടാണോ സ്നേഹമുള്ളത്, അവരിൽ നിന്നും എന്തെങ്കിലും ശിക്ഷണങ്ങൾ സൂചനയായി ലഭിക്കുന്നതും പ്രിയപ്പെട്ടതായി തോന്നും. സദാ ഹൃദയത്തിൽ ഈയൊരു അനുഭൂതിയുണ്ടാകുന്നു, ഇവർ എന്തെല്ലാമാണോ പറയുന്നത് എന്റെ മംഗളാർത്ഥമാണ് പറയുന്നത്. എന്തുകൊണ്ടെന്നാൽ സ്നേഹിക്കുന്നവരെ പ്രതി ഹൃദയത്തിൽ ശ്രേഷ്ഠമായ ഭാവനയുണ്ട്. എങ്ങനെയാണോ താങ്കളുടെ ഹൃദയത്തിൽ അവരെ പ്രതി ശ്രേഷ്ഠമായ ഭാവനയുള്ളത്, അതേപോലെ താങ്കളുടെ ശുഭഭാവനയുടെ റിട്ടേൺ മറ്റുള്ളവരിലൂടെയും പ്രാപ്തമാകുന്നു. എങ്ങനെയാണോ എക്കോയിൽ ശബ്ദം മുഴങ്ങി കേൾക്കുന്നത്, അത് പതിന്മടങ്ങായി തിരിച്ചടിക്കുന്നത്. ഏതുപോലെ ബാബയെ പ്രതി താങ്കൾക്ക് മുറിയാത്ത, ദൃഢമായ സ്നേഹമുള്ളത്, ശ്രേഷ്ഠമായ ഭാവനയുള്ളത്, നിശ്ചയമുള്ളത്, അതേപോലെ ബ്രാഹ്മണാത്മാക്കൾ സംഖ്യാക്രമത്തിൽ ആണെങ്കിലും അവരോടുള്ള ആത്മീയ സ്നേഹം ദൃഢവും അഖണ്ഡവുമാണോ ? വൈവിധ്യമാർന്ന സംസ്കാരങ്ങൾ കണ്ടിട്ടാണ് അവരെ സ്നേഹിക്കുന്നത് എങ്കിൽ അത് അഖണ്ഡവും ദൃഢവുമായ സ്നേഹമല്ല. ഏതെങ്കിലും ആത്മാവിന്റെ സംസ്കാരം അഥവാ പെരുമാറ്റം, അത് സ്വയത്തെ പ്രതിയാണെങ്കിലും അഥവാ മറ്റുള്ളവരെ പ്രതിയാണെങ്കിലും ഹൃദയത്തിന് ഇഷ്ടപ്പെട്ടതല്ല എങ്കിൽ സ്നേഹത്തിന്റെ ശതമാനത്തിന് കുറവ് വരുന്നു. എന്നാൽ അവരെ ശ്രേഷ്ഠ ആത്മാവിന്റെ ഭാവത്തിൽ, ആത്മീയ സ്നേഹത്തിലൂടെ നോക്കുകയാണെങ്കിൽ അവരോടുള്ള സ്നേഹത്തിന് കുറവ് വരില്ല. എങ്ങനെയുള്ള സംസ്കാരമായിക്കോട്ടെ പെരുമാറ്റമായിക്കോട്ടെ, ബ്രാഹ്മണ ആത്മാക്കൾക്ക് മുഴുവൻ കല്പത്തിലും മുറിയാത്ത സംബന്ധമുണ്ട്. എന്തുകൊണ്ടെന്നാൽ ഈശ്വരീയ പരിവാരമാണ്. ബാബ ഓരോ ആത്മാവിനെയും വിശേഷിച്ചും തിരഞ്ഞെടുത്ത് ഈശ്വരീയ പരിവാരത്തിലേക്ക് കൊണ്ടു വന്നിട്ടുണ്ട്. നിങ്ങൾ താനെ വന്നതല്ല, ബാബ നിങ്ങളെ കൊണ്ടു വന്നതാണ്. അപ്പോൾ ബാബയെ മുന്നിൽ വയ്ക്കുന്നതിലൂടെ ഓരോ ആത്മാവിനെ പ്രതിയും ആത്മീയ ദൃഢമായ സ്നേഹമുണ്ടാകുന്നു. ഏതെങ്കിലും ആത്മാവിന്റെ എന്തെങ്കിലും കാര്യം നമുക്ക് ഇഷ്ടപ്പെടുന്നില്ലെങ്കിലാണ് സ്നേഹത്തിന് വ്യത്യാസമുണ്ടാകുന്നത്. ആ സമയം ബുദ്ധിയിൽ ഈയൊരു കാര്യം വെക്കൂ, ബാബയ്ക്ക് ഇവർ പ്രിയപ്പെട്ടവരാണ്. തീർച്ചയായും എന്തെങ്കിലും വിശേഷതകൾ ഉള്ളതിനാലാണ് ബാബ ഇവരെ തിരഞ്ഞെടുത്തത്. ആരംഭം മുതൽക്കു തന്നെ ബാപ്ദാദ കുട്ടികൾക്ക് കേൾപ്പിച്ചു തന്നിച്ചുണ്ട്, 36 ഗുണങ്ങളിൽ 35 ഗുണങ്ങളുമില്ല, ഒരു ഗുണമെങ്കിലും വിശേഷിച്ച് ഉള്ളതിനാലാണ് ബാബയ്ക്ക് പ്രിയപ്പെട്ടതായത്. ബാബ അവരുടെ 35 അവഗുണങ്ങളെയാണോ കണ്ടത് അതോ ഒരു ഗുണത്തെയോ.. എന്താണ് കണ്ടത്? ഏറ്റവും വലുതിലും വലിയ വിശേഷത അഥവാ ഗുണമാണ്, ബാബയെ തിരിച്ചറിയുവാനുള്ള ബുദ്ധി. ബാബയുടെതായിത്തീരുവാനുള്ള ധൈര്യം, ബാബയെ സ്നേഹിക്കുവാനുള്ള വിധി, ഇതൊന്നും മുഴുവൻ കല്പത്തിലും മറ്റൊരു ധർമ്മ പിതാക്കന്മാരിലും ഉണ്ടായിരുന്നില്ല. രാജനേതാക്കന്മാരിലും ഉണ്ടായിരുന്നില്ല, ധനവാന്മാരിലും ഉണ്ടായിരുന്നില്ല, എന്നാൽ ഈയൊരു ആത്മാവിലുണ്ട്. ബാബ താങ്കളെല്ലാവരോടുമായി ചോദിക്കുകയാണ്, താങ്കൾ ബാബയുടെ പക്കലേക്ക് വന്നപ്പോൾ, ഗുണ സമ്പന്നമായാണോ വന്നത്? ബാബ താങ്കളുടെ ദുർബലതകളെയാണോ കണ്ടത്? ധൈര്യം വർദ്ധിപ്പിക്കുകയല്ലേ ചെയ്തത്, താങ്കൾ തന്നെയായിരുന്നു എന്റേത്, ഇനിയും സദാ എന്റേതായിരിക്കുകയും ചെയ്യും... അതേപോലെ അച്ഛനെ അനുകരിക്കൂ.. വിശേഷാത്മാവാണെന്ന ഭാവത്തിൽ ആരെ കാണുകയാണെങ്കിലും, സംബന്ധ സമ്പർക്കത്തിലേക്ക് വരികയാണെങ്കിലും, ബാബയെ മുന്നിൽ വെക്കുന്നതിലൂടെ ആത്മാവിൽ സ്വതവേ തന്നെ ആത്മീയ സ്നേഹം എമർജ്ജാകുന്നു. താങ്കളുടെ സ്നേഹത്തിലൂടെ അവർ സർവ്വരുടെയും സ്നേഹിയായിത്തീരുന്നു. ഈ ആത്മീയ സ്നേഹത്തിലൂടെ സദാ സർവ്വരിലൂടെയും സദ്ഭാവന സഹയോഗത്തിന്റെ ഭാവന സ്വതവേ തന്നെ താങ്കൾക്ക് ആശീർവ്വാദത്തിന്റെ രൂപത്തിൽ പ്രാപ്തമാകുന്നു. ഇതിനെയാണ് ആത്മീയ രീതിയിൽ ശ്രേഷ്ഠമായി കൈകാര്യം ചെയ്യുക എന്ന് പറയുന്നത്.

ബാപ്ദാദ ഇന്ന് പുഞ്ചിരിക്കുകയായിരുന്നു. കുട്ടികളിൽ മൂന്ന് വാക്കുകൾ കാരണത്താൽ നിയന്ത്രണ ശക്തിയും ഭരണശക്തിയും കുറവാണ്. ആ മൂന്ന് വാക്കുകളാണ് 1) എന്തുകൊണ്ട്, 2) എന്താണ്, 3) ആവശ്യമാണ്. ഈ മൂന്ന് വാക്കുകളെയും ഇല്ലാതാക്കി ഒരേയൊരു വാക്ക് മാത്രം പറയൂ. ആഹാ ! ആഹാ എന്ന വാക്ക് പറയുവാൻ അറിയുമല്ലോ. ആഹാ ബാബാ, ആഹാ ഞാൻ ആഹാ ഡ്രാമാ.. ആഹാ എന്നു മാത്രം പറയുകയാണെങ്കിൽ മറ്റു മൂന്നു വാക്കുകളും ഇല്ലാതാകുന്നു. ബാപ്ദാദ കുട്ടികളിൽ എന്ത് കളിയാണ് കാണുന്നതെന്ന് കേൾപ്പിച്ചിരുന്നില്ലേ.. താങ്കൾ കുട്ടികളുടെ ഒരു ചിത്രം ആദ്യമേ തന്നെ ഉണ്ടാക്കിയിരുന്നതിൽ കാണിച്ചിട്ടുണ്ട് – ഒരു യോഗി യോഗം ചെയ്യുന്നുണ്ട്, ബുദ്ധി ഏകാഗ്രമാക്കുന്നു, സന്തുലനം പാലിക്കുന്നു, സന്തുലനത്തിന്റെ(ബാലൻസ്) ത്രാസ്സ് കാണിച്ചിട്ടുണ്ട്. എപ്പോഴെല്ലാം ബുദ്ധിയുടെ സന്തുലനം പാലിക്കുവാൻ

ശ്രമിക്കുന്നുവോ അപ്പോഴെല്ലാം ഒരു കുരങ്ങൻ ത്രാസ്സിനു മുകളിലിരിക്കുന്നു. ഈ മൂന്നു വാക്കുകളാകുന്ന കുരങ്ങന്മാരാണ് വന്നിരിക്കുന്നത്. അപ്പോൾ ബാലൻസ് പാലിക്കുവാൻ സാധിക്കില്ലല്ലോ. ചഞ്ചലത ഉണ്ടാകുന്നു. ബാലൻസുണ്ടായിരിക്കുകയില്ല. അപ്പോൾ ഈ മൂന്നു വാക്കുകൾ ബാലൻസിനെ ഇല്ലാതാക്കുന്നു. ബുദ്ധിയെ ചഞ്ചലമാക്കുന്നു. കുരങ്ങൻ എപ്പോഴെങ്കിലും വിശ്രമത്തോടെ ഇരിക്കുന്നതായി കണ്ടിട്ടുണ്ടോ.. മറ്റൊന്നും ചെയ്യാനില്ലെങ്കിൽ പോലും വാലാട്ടിക്കൊണ്ടിരിക്കും. അപ്പോൾ ഇവിടെയും ബാലൻസ് ഇല്ലാത്തതിനാൽ ബാബയിലൂടെ ഓരോ ചുവടിലും ലഭിക്കേണ്ട ആശീർവ്വാദം, അഥവാ ആത്മീയ സ്നേഹത്തിലൂടെ പരിവാരത്തിൽ നിന്നും ലഭിക്കേണ്ട ആശീർവ്വാദത്തിൽ നിന്നും വഞ്ചിതരാകുന്നു. എങ്ങനെയാണോ ബാബയുമായി സംബന്ധം വെക്കേണ്ടത് ആവശ്യമാണെന്ന് ചിന്തിക്കുന്നുവോ, അതുപോലെ ഈശ്വരീയ പരിവാരവുമായി സംബന്ധം വെക്കേണ്ടതും അതി ആവശ്യം തന്നെയാണ്. മുഴുവൻ കല്പത്തിലും നമ്പർ വൺ ആത്മാവായ ബ്രഹ്മാവിനൊപ്പവും ഈശ്വരീയ പരിവാരത്തിന്റെ സംബന്ധ സമ്പർക്കത്തിലും വരണമല്ലോ. അല്ലാതെ ഇങ്ങനെ മാത്രം മനസ്സിലാക്കരുത്, ബാബ നമ്മുടേതാണെല്ലോ, നമ്മൾ ബാബയുടേതുമാണ്, അതു മതിയെന്ന്. ഇതും ബഹുമതിയോടെ പാസ്സാകുന്നതിന്റെ അടയാളമല്ല. എന്തുകൊണ്ടെന്നാൽ താങ്കൾ സന്യാസി ആത്മാക്കളല്ല. ഋഷി-മുനി ആത്മാക്കളല്ല. വിശ്വത്തിൽ നിന്നും അകന്നിരിക്കുന്നവരല്ല. വിശ്വത്തിന് ആശ്രയം നൽകുന്നവരാണ്. വിശ്വത്തിൽ നിന്നും അകന്നിരിക്കുകയല്ല, വിശ്വ മംഗളകാരിയാണ്. ബ്രാഹ്മണാത്മാക്കളുടെ കാര്യം മാത്രമല്ല, പ്രകൃതിയെയും പരിവർത്തനപ്പെടുത്താനുള്ള ഉത്തരവാദിത്വമാണ് താങ്കൾക്കുള്ളത്. പരിവാരത്തിലെ അവിനാശി സ്നേഹത്തിന്റെ ചരടിൽ നിന്നും താങ്കൾക്ക് പുറത്തേക്കു പോകുവാൻ സാധിക്കില്ല. വിജയി രത്നങ്ങളായ കുട്ടികൾക്ക് അവിനാശി സ്നേഹത്തിന്റെ ചരടിൽ നിന്നും പുറത്തേക്ക് പോകാൻ സാധിക്കില്ല. അതിനാൽ ഒരിക്കലും ഏതെങ്കിലും കാര്യത്തിൽ, ഏതെങ്കിലും സ്ഥാനത്ത്, ഏതെങ്കിലും സേവനത്തിൽ നിന്നും അഥവാ സേവാധാരിയിൽ നിന്നും അകന്നിരുന്ന് കൊണ്ട് തന്റെ അവസ്ഥയെ നല്ലതാക്കി കാണിക്കാം എന്ന സങ്കല്പം പോലും വരരുത്. ചിലർ ഇങ്ങനെ പറയാറുണ്ടല്ലോ, എനിക്ക് ഇവരോടൊപ്പം പോകാൻ സാധിക്കില്ല, അവർക്കൊപ്പം സാധിക്കും, ഈ സ്ഥാനത്തിരുന്ന് ഉന്നതി സംഭവിക്കുകയില്ല, മറ്റേ സ്ഥാനത്തിരിക്കാം, ഈ സേവനത്തിലാണ് എനിക്ക് വിഘ്നമുള്ളത്, മറ്റേ സംവനത്തിൽ വരുന്നില്ല. ഇതെല്ലാം തന്നെ അകറ്റി നിർത്തുന്ന കാര്യങ്ങളാണ്. അഥവാ ഒരു തവണ താങ്കൾ ഈയൊരു ശീലം പാലിക്കുകയാണെങ്കിൽ, ഈ ശീലം താങ്കളെ മറ്റെവിടെയും തന്നെ നിലനിർത്തുകയില്ല. ബുദ്ധിയെ ഏകാഗ്രമാക്കുവാൻ അനുവദിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ബുദ്ധിയെ ഇടയ്ക്കിടെ പരിവർത്തനപ്പെടുത്തുന്നതിന്റെ ശീലം ഉണ്ടാക്കി. ഇതും ഒരു ദുർബലതയായി കണക്കാക്കുന്നു. ഉന്നതിയായി കണക്കാക്കുകയില്ല. സദാ സ്വയത്തിൽ ശുഭ പ്രതീക്ഷ വെക്കൂ. പ്രതീക്ഷയറ്റവരാകരുത്. എങ്ങനെയാണോ ബാബ സർവ്വരിലും ശുഭ പ്രതീക്ഷകൾ വെച്ചത്. ആര് എങ്ങനെയുള്ളവരാണെങ്കിലും, ബാബ അവസാന നമ്പറിലുള്ളവരിൽ പോലും നിരാശരായില്ല. സദാ ശുഭ പ്രതീക്ഷ വെച്ചു. അതേപോലെ താങ്കളും സ്വയത്തിലും, സേവനത്തിലും, മറ്റുള്ളവരിലും പ്രതീക്ഷയറ്റവരാകരുത്, നിരാശരാകരുത്. വിശാലഹൃദയരായി മാറൂ, അതായത് ചക്രവർത്തിയെ പോലെ വിശാല മനസ്കരാകൂ. മറ്റേതൊരു ദുർബല സങ്കല്പവും ധാരണ ചെയ്യരുത്. മായ ഭിന്ന-ഭിന്ന രൂപത്തിൽ ദുർബലരാക്കുവാൻ പ്രയത്നിക്കുന്നു. എന്നാൽ താങ്കൾ മായയെക്കുറിച്ചും നോളേജ്ഫുളളല്ലേ, അതോ പകുതി ജ്ഞാനമേയുള്ളുവോ? ഇതും ഓർമ്മയിൽ വെക്കൂ, മായ ഭിന്ന-ഭിന്ന പുതിയ രൂപം ധാരണ ചെയ്ത് വരുന്നു. മായ പഴയ സാധാരണ രൂപത്തിൽ വരില്ല, എന്തുകൊണ്ടെന്നാൽ മായയ്ക്കും അറിയാം, ഇവർ പെട്ടെന്ന് തിരിച്ചറിയുമെന്ന്. കാര്യം അതു തന്നെയായിരിക്കും എന്നാൽ രൂപം വ്യത്യസ്തമായത് ധാരണ ചെയ്യുന്നു. മനസ്സിലായോ, ശരി.

ടീച്ചേഴ്സ് മായയുടെ നോളേജ്ഫുള്ളാണോ? കേവലം നോളേജ് മാത്രമാണോ, അതോ നോളേജ്ഫുള്ളാണോ ബാബയെ തിരിച്ചറിഞ്ഞു എങ്കിൽ മായയെയും തിരിച്ചറിഞ്ഞു എന്ന് ചിന്തിക്കരുത്. ഇപ്പോൾ ബന്ധനത്തിൽ പെട്ടോ, കഠിനമായി അനുഭവപ്പെടുന്നുണ്ടോ? മധുരമായ ബന്ധനമായി തോന്നുന്നുണ്ടോ, അതോ കുറച്ച് ബുദ്ധിമുട്ടുള്ള ബന്ധനമായി തോന്നുന്നുണ്ടോ? ഇവടെ ഒരുപാട് സഹിക്കേണ്ടതായി വരുന്നുണ്ട് എന്ന് ചിന്തിക്കുന്നുണ്ടോ? ബാബയുടേതായി മാറിയതിനു ശേഷം, ഇതും ചെയ്യണം, അതും ചെയ്യണം, ഏതുവരെ ചെയ്തുകൊണ്ടിരിക്കും? അഥവാ ഇതെല്ലാം അറിയുകയാണെങ്കിൽ വരില്ലായിരുന്നു എന്ന് ചിന്തിക്കുന്നുണ്ടോ? എവിടെ പ്രേമമുണ്ടോ അവിടെ ഒന്നും തന്നെ പ്രയത്നമായി തോന്നില്ല. ശലഭവും ദീപത്തിൽ ആഹൂതി ചെയ്യുന്നില്ലേ? അപ്പോൾ താങ്കൾ ശ്രേഷ്ഠ ആത്മാക്കൾക്ക് പരമാത്മാ സ്നേഹത്തിനു മുന്നിൽ എങ്ങനെ ബുദ്ധിമുട്ടായി അനുഭവിക്കുവാൻ സാധിക്കുന്നു. ശലഭത്തിനു സമർപ്പണമാകുവാൻ സാധിക്കുന്നു എങ്കിൽ താങ്കൾക്ക് എന്തുകൊണ്ട് സാധിക്കില്ല? ഏതൊരു നിമിഷമാണോ ബുദ്ധിമുട്ടാണെന്ന് അനുഭവപ്പെടുന്നത്, തീർച്ചയായും സ്നേഹത്തിന്റെ കാര്യത്തിൽ ശതമാനത്തിൽ വ്യത്യാസമുണ്ട്. അതിനാലാണ് കുറച്ച് സമയത്തേക്ക് മാത്രം ബുദ്ധിമുട്ടായി അനുഭവപ്പെടുന്നത്. അഥവാ ബുദ്ധിമുട്ടാണെങ്കിൽ

തന്നെ സദാ കാലത്തേക്ക് ബുദ്ധിമുട്ട് അനുഭവപ്പെടേണ്ടേ... ഇടയ്ക്കിടെ മാത്രം എന്തുകൊണ്ടാണ് ബുദ്ധിമുട്ട് തോന്നുന്നത് ? പരമാത്മാവിന്റെയും താങ്കളുടെയും ഇടയിൽ എന്തെങ്കിലും കാര്യം വരുന്നുണ്ടോ? അതിനാലാണോ ബുദ്ധിമുട്ടായി തോന്നുന്നത്, സ്നേഹത്തിൽ ശതമാനം വരുന്നത്. ആ കാര്യത്തെ ഇടയിൽ നിന്നും മാറ്റി നിർത്തൂ. എന്നാൽ സഹജമാകുന്നു.

ബാപ്ദാദ പറയാറുണ്ട് ടീച്ചേഴ്സ് അർത്ഥം സദാ സ്വയം ധൈര്യത്തോടെ ഇരിക്കുന്നവർ, മറ്റുള്ളവർക്ക് ധൈര്യം പകർന്നു നൽകുവാൻ നിമിത്തമാകുന്നവർ. ഇല്ലെങ്കിൽ ടീച്ചറായത് തന്നെ എന്തിനാണ്? ടീച്ചർ അർത്ഥം തന്നെ വിദ്യാർത്ഥികൾക്ക് നിമിത്തം. ദുർബലർക്ക് ധൈര്യം പകർന്നു നൽകി മുന്നോട്ടുയർത്തുവാനുള്ള സേവനത്തിന് നിമിത്തമായവർ. സഫലമായ ടീച്ചറുടെ ആദ്യത്തെ മുഖ്യമായ അടയാളം തന്നെ ഇതാണ് - അവർ ഒരിക്കലും ധൈര്യഹീനരാകുകയില്ല. ആരാണോ സ്വയം ധൈര്യശാലിയായിരിക്കുന്നത്, അവർക്കു മാത്രമേ മറ്റുള്ളവർക്കും ധൈര്യം പകർന്നു നൽകുവാൻ സാധിക്കൂ. സ്വയം തന്നിൽ ധൈര്യം കുറവാണ് എങ്കിൽ മറ്റുള്ളവർക്ക് നൽകുവാൻ സാധിക്കില്ല. ശരി !

നാനാ ഭാഗത്തുമുള്ള ധൈര്യശാലി കുട്ടികൾ ബാബയുടെ സഹായം അനുഭവം ചെയ്യുന്ന കുട്ടികൾക്ക്, സദാ സ്വരാജ്യത്തിലെ ശക്തികളെ ഓരോ സമയത്തിനനുസരിച്ച് പ്രയോഗത്തിലേക്ക് കൊണ്ടു വരുന്ന കുട്ടികൾക്ക്, സദാ ബാബയുടേയും സർവ്വാത്മാക്കളുടെയും ദൃഢമായ സ്നേഹികളും, സദാ ഓരോ കാര്യത്തിലും സംബന്ധ സമ്പർക്കത്തിലും - ആഹാ, ആഹാ എന്ന പാട്ട് പാടുന്ന - മാസ്റ്റർ സർവ്വശക്തരായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ-സ്മരണകളും നമസ്കാരവും.

## വരദാനം - പ്ലേൻ (വ്യക്തം) ബുദ്ധിയായി സേവനത്തിന്റെ പദ്ധതിയുണ്ടാക്കുന്ന യഥാർത്ഥ സേവാധാരിയായി ഭവിയ്ക്കട്ടെ.

യഥാർത്ഥ സേവാധാരി അർത്ഥം സ്വസേവനവും സർവ്വരുടെ സേവനവും ഒരുമിച്ച് ചെയ്യുന്നവർ, സ്വസേവനത്തിലും സർവ്വരുടെയും സേവനം അടങ്ങിയിട്ടുണ്ട്. അല്ലാതെ മറ്റുള്ളവരുടെ സേവനം ചെയ്ത് സ്വസേവനത്തിൽ അലസത പാടില്ല. സേവനത്തിൽ സേവനവും യോഗവും രണ്ടും ഒപ്പത്തിനൊപ്പമുണ്ടായിരിക്കണം. അതിനാൽ വ്യക്തമായ(പ്ലേൻ) ബുദ്ധിയായി സേവനത്തിന്റെ(പ്ലാൻ) പദ്ധതിയുണ്ടാക്കൂ. വ്യക്തമായ ബുദ്ധി അർത്ഥം നിമിത്ത ഭാവവും വിനയഭാവവുമല്ലാതെ മറ്റൊരു കാര്യവും ബുദ്ധിയെ സ്പർശിക്കരുത്. പരിധിയുള്ള പേര്, പ്രശസ്തിയുടെ ആഗ്രഹം പാടില്ല, എന്നാൽ വിനയമുള്ളവരായിരിക്കണം. ഇതാണ് ശുഭഭാവനയുടെ ശുഭകാമനയുടെ ബീജം.

## സ്ലോഗൻ - ജ്ഞാനദാനത്തോടൊപ്പം തന്നെ ഗുണദാനം ചെയ്യൂ എന്നാൽ സഫലത ലഭിക്കും.